# ഗവ: എൽ.പി. സ്കൂൾ
# കുറുമ്പനാടം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025- 2026

# ഉള്ളടക്കം,

* അക്കാദമിക മാസ്റ്റർ പ്ലാൻ. സമഗ്രഗുണമേന്മ വർഷം. ആമുഖം.
* സന്നദ്ധതാപ്രവർത്തനങ്ങൾ.
* ഒന്നൊരുക്കം - 'വിദ്യാപ്രവേശ്',
* വായനോത്സവം - വീട്ടൊരു വായനക്കൂട്
* രചനോത്സവം. - വായനക്കാർഡ്, ചിത്രകഥ
* സംയുക്തഡയറി
* പാട്ടരങ്ങ്
* കലാ കായിക, പ്രവൃത്തി പരിചയ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സൗജന്യ യോഗാക്ലാസ്.
* കമ്പ്യൂട്ടർ പഠനം.
* സ്പോക്കൺ ഇംഗ്ലീഷ്-
* പൊതുവിജ്ഞാനം-പരിശീലനം.
* സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ
* പൂന്തോട്ട പരിപാലനം.
* പച്ചക്കറിത്തോട്ടനിർമ്മാണം.
* പഞ്ചായത്ത് പ്രോജക്ടുകൾ
* ക്ലാസ് പി.ടി.എ. എല്ലാമാസവും സംഘടിപ്പിക്കുക.
* ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.
* ഉപസംഹാരം.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ആമുഖം.

സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാണ്.

ഇത് സമഗ്ര ഗുണമേന്മാവർഷമാണ്. എല്ലാ കുട്ടികൾക്കും ഉന്നതവും മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിനും, മികച്ച അക്കാദമിക വർഷമായി ഈ വർഷത്തെ പരിവർത്തിപ്പിക്കുന്നതിനും എല്ലാവർക്കും സാധിക്കണം.

സമ്മർദങ്ങളില്ലാതെ പഠിക്കാനും, ഭാവികാലത്തേക്കാവശ്യമുള്ള മൂല്യങ്ങൾ ആർജിക്കാനും കുട്ടികൾക്കു സാധ്യമാകുന്ന വിദ്യാലയാന്തരീക്ഷമാണ് ഉണ്ടാകേണ്ടത്. പാഠഭാഗങ്ങൾ പഠിപ്പിക്കാൻ മാത്രമല്ല, നേർവഴി കാട്ടിക്കൊടുക്കാനും വാത്സല്യം ചൊരിയാനുമുള്ള ഉൾത്തെളിച്ചമുള്ളവരാകണം അധ്യാപകർ. പഠിക്കുന്നവരെന്നും അല്ലാത്തവരെന്നും, ബുദ്ധിശക്തിയുള്ളവരെന്നും ഇല്ലാത്തവരെന്നും, ഭാവിയുള്ളവരെന്നും ഇല്ലാത്തവരെന്നും ഉള്ള വേർതിരിവോടെ, മുൻവിധികളോടെ കുട്ടികളെ കാണരുത്. എല്ലാ കുട്ടികളുടെയും സമഗ്രവികസനമാണ് പാഠ്യപദ്ധതിയുടെ ലക്ഷ്യം. എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള വിദ്യാഭ്യാസസമീപനമാണ് നമ്മുടേത്.

വീടുവിട്ടാൽ മറ്റൊരു വീട് എന്ന പ്രതീതി ജനിപ്പിക്കുന്ന ഇടങ്ങളാകണം സ്കൂളുകൾ. തുല്യനീതി എല്ലാവർക്കും ലഭ്യമാക്കണം

അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
* ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കി കുട്ടിയുടെ സമഗ്രവികസനം സാധ്യമാക്കുക.
* വിദ്യാലയം നേരിടുന്ന അക്കാദമിക് പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ്, അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
* കുട്ടിയുടെ സമഗ്രവികസനത്തിന് അനുകൂലമായ രീതിയിൽ പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.
* സ്കൂൾ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത്, SSK, സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.
* സ്കൂൾ പഠനത്തെ പരിസ്ഥിതിയും, ജീവിതഗന്ധിയുമാക്കി മാറ്റുക.
* പിന്നാക്കക്കാർക്കായി പരിഹാരബോധന ക്ലാസുകൾ, പ്രത്യേക പരിശീലനം ലഭ്യമാക്കുക.
* കലാകായിക പ്രവൃത്തി പരിചയ മേളകളിൽ സജീവമായി പങ്കാളിത്തം ഉറപ്പുവരുത്തുക.

# അടിസ്ഥാന വിവരങ്ങൾ :

വിദ്യാലയത്തിന്റെ പേര്: ഗവ.എൽ.പി.സ്കൂൾ കുറുമ്പനാടം.

വിലാസം : പെരുമ്പനച്ചി. P.O ചങ്ങനാശ്ശേരി.

സ്കൂൾകോഡ് : 33323

ഉപജില്ല : ചങ്ങനാശ്ശേരി

ജില്ല : കോട്ടയം.

റവന്യൂജില്ല : കോട്ടയം

ബി.ആർ.സി : ചങ്ങനാശ്ശേരി.

CRC : മാടപ്പള്ളി

ഗ്രാമപഞ്ചായത്ത്: മാടപ്പള്ളി.

ജില്ലാപഞ്ചായത്ത്: കോട്ടയം.

താലൂക്ക് : ചങ്ങനാശ്ശേരി.

വില്ലേജ് : കുറുമ്പനാടം.

School email id - glpskurumpanadom@gmail.com.

# 2025 – 2026

## സ്റ്റാഫ് ചുമതലകൾ.

| | പേര്/തസ്തിക. | ചുമതലകൾ | റിമാർക്സ് |
|---|---|---|---|
| 1. | സുനിമോൾ. M. വർഗ്ഗീസ്. (പ്രധാനാധ്യാപിക) | പ്രധാനാധ്യാപിക. സ്കൂൾ സുരക്ഷ കൺവീനർ | |
| 2. | അജി. പി. ഉമ്മൻ | സീനിയർ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി സ്കൂൾ സുരക്ഷ നോഡൽ ഓഫീസർ. | ലൈബ്രറി |
| 3. | പ്രീന മേരി | SRG കൺവീനർ വിദ്യാരംഗം,, ശാസ്ത്ര സാമൂഹ്യശാസ്ത്ര ക്ലബ്. ആരോഗ്യ ക്ലബ് | ആരോഗ്യ ക്ലബ്. |
| 4. | ജെറീന Tr (ദിവസവേതനം) | 4-ാം ക്ലാസ് ചുമതല. കലാ പ്രവൃത്തി പരിചയം. | കൃഷി |
| 5. | സൗമ്യ Tr. (ദിവസവേതനം) | 2-ാം ക്ലാസ് ചുമതല. Nature club | സർഗ്ഗവേദി. കല. |
| 6. | അനില. പി. ജി. | പ്രീപ്രൈമറി ടീച്ചർ. | |
| 7. | വിജയമ്മ. | പാർട്ടൈം സ്വീപ്പർ. | |

## പാട്ടരങ്ങ്

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾക്ക് ഭാഷാ പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പഠന പദ്ധതിയാണ് പാട്ടരങ്ങ്. താളബോധം, കുട്ടികളിൽ വളർത്തുന്നതിന് പല തരത്തിലുള്ള വാദ്യോപകരണങ്ങൾ ഉചിതമായി ഉണ്ടാക്കി താളം പിടിക്കുന്നതിന് അവസരം നൽകുന്നു. കുട്ടികൾ താളം, ഭാവം, ഈണം എന്നിവ പാലിച്ച് പാടി ആസ്വദിക്കുന്നതിന് പാട്ടരങ്ങ് അവസരം ഒരുക്കുന്നു. കലാപഠനത്തിനും ഇത് അവസരം നൽകുന്നു.

## കലാ കായിക, പ്രവൃത്തി പരിചയ, മേഖലയിലൂന്നിയ പഠനം.

സമഗ്ര ഗുണമേന്മാ വർഷത്തോടനുബന്ധിച്ച് ഒന്നാം ക്ലാസ് മുതൽ കലാകായിക പ്രവൃത്തി പരിചയ പഠനത്തിന് അവസരം ഒരുക്കിയിരിക്കുന്നു. പഠനപ്രവർത്തനങ്ങളോടൊപ്പം തന്നെ വേർതിരിവില്ലാതെ കലാപഠനത്തിനും അവസരം ലഭിക്കുന്നു.

## സുംബാ ഡാൻസ് — പ്രീന Tr

ഒന്നാം ക്ലാസ് മുതൽ കായിക പഠനത്തിനും പ്രാധാന്യം നൽകുന്നു. സുംബാ ഡാൻസ് പാഠ്യപദ്ധതിയുടെ ഭാഗമായി മാറിയിരിക്കുന്നു.

സംഘടിപ്പിക്കുന്ന വിവിധ കളികൾ [illegible] ചുവന-പ്രവർത്തനങ്ങളിലൂടെ കുട്ടി സ്വതന്ത്ര രചനയ്ക്ക് കഴിവ് നേടണം.

## സംയുക്ത ഡയറി എഴുത്ത് 15-ന്

ആരംഭിക്കണം. ആദ്യമാസങ്ങളിൽ രക്ഷിതാവിന്റെ പിന്തുണയോടെ അക്ഷരങ്ങൾ, വാക്കുകൾ എഴുതി പിന്നീട് ഞാൻ കണ്ടത്, കേട്ടതും, അറിഞ്ഞതുമായ കാര്യങ്ങൾ ചെറു വാക്യങ്ങളായി സംയുക്ത ഡയറിയിൽ എഴുതാൻ കുട്ടിക്ക് കഴിയണം.

## * ചിത്രകഥാ പുസ്തക നിർമ്മാണം

ഒന്നാം ക്ലാസിലെ കുട്ടികൾക്ക് വായനയ്ക്ക് സഹായിക്കുന്ന പഠിച്ച അക്ഷരങ്ങൾ, വാക്കുകൾ, പുനർവായനാനുഭവം നൽകുന്നരീതിയിൽ ആകർഷകമായി ചിത്രങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നതാണ് ഒന്നാം ക്ലാസ് ചിത്രകഥാ പുസ്തകങ്ങൾ. അധ്യാപിക ഇത്തരം പുസ്തകങ്ങൾ ധാരാളമായി തയ്യാറാക്കുകയും, പിന്നീട് രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികളും സ്വന്തം ചിത്ര രചന നടത്തുന്നതിന് പ്രാപ്തരാകുകയും വേണം.

ഉയരാൻ ഇതും ഉപകരിച്ചിരുന്നു.

ഒന്നാം ക്ലാസിൽ 'ഒന്നൊരുക്കം' വിദ്യാപ്രവേശം' പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. ഒന്നാം ക്ലാസിലെത്തുന്ന കുട്ടികളിൽ പഠനതാല്പര്യം ജനിപ്പിക്കുന്നതിനും അവരെ പഠനത്തിന് സജ്ജരാക്കുന്നതിനും സഹായിക്കുന്ന വിവിധങ്ങളായ പഠനപ്രവർത്തനങ്ങളാണ് 'ഒന്നൊരുക്കം'.

## വായനോത്സവം· വായനക്കൂടാരം

ജൂൺ-19-ന് വായനദിനത്തോടനുബന്ധിച്ച് ആരംഭിക്കുകയും വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന വിവിധങ്ങളായ പഠനപ്രവർത്തനങ്ങളാണ് വായനോത്സവത്തിൽ സംഘടിപ്പിക്കുന്നത്. ആശയഗ്രഹണ വായന മുതൽ കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുക എന്ന വാർഷിക ലക്ഷ്യം നേടുന്നതിനാവശ്യമായ വായനപ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാണ്.

* വായനക്കാർഡ് - നിർമ്മാണം.

കുട്ടികളുടെയും രക്ഷിതാക്കളുടെയും പിന്തുണയോടെ ഒന്നാംക്ലാസ് പഠനനേട്ടങ്ങൾ ഉൾക്കൊണ്ടുള്ള വായനക്കാർഡ് നിർമ്മാണം ഇതിന്റെ പ്രധാനഘടകമാണ്.

ജൂൺ -19-ന് തന്നെ സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ ആരംഭിക്കണം. ഇതോടൊപ്പം തന്നെ ക്ലാസിലൊരു 'വായനക്കൂടാരം' ഉദ്ഘാടനം സംഘടിപ്പിക്കണം. കുട്ടികളുടെ നിലവാരത്തിന് യോജിച്ച വായന സാമഗ്രികൾ, കഥാപുസ്തകങ്ങൾ, വായനകാർഡുകൾ എന്നിവ ആകർഷകമായ രീതിയിൽ വായനക്കൂടാരത്തിൽ ക്രമീകരിക്കണം. വായനയിൽ കുട്ടികൾക്ക് താല്പര്യം വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

* **വീട്ടിലൊരു വായനക്കൂട്:**

ജൂൺ -19-ന് തന്നെ കുട്ടികൾക്ക് വീട്ടിൽ ഇരുന്ന് വായിക്കുന്നതിന് ഒരു ഇടം ഒരുക്കി നൽകണം. രക്ഷിതാക്കളുടെ പിന്തുണയോടെ വീട്ടിലൊരു വായനക്കൂട് ഒരുക്കണം. വീഡിയോ, രക്ഷിതാവും കുട്ടിയും ഒരുമിച്ച് ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നത് ക്ലാസ് ഗ്രൂപ്പിൽ പങ്കുവയ്ക്കണം.

* **രചനോത്സവം**

ആശയാവതരണരീതിയിലൂടെ ആശയങ്ങളും, വാക്കുകളും, വാക്യങ്ങളും ശേഖരിച്ച് കുട്ടികൾ സ്വതന്ത്ര രചന നടത്താൻ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ വാർഷിക ലക്ഷ്യം. വർഷം മുഴുവനും

## 3 മുന്നൊരുക്കം

### സന്നദ്ധ പ്രവർത്തനങ്ങൾ - റിപ്പോർട്ട്.

നല്ല പൗരന്മാരെയും മികച്ച മനുഷ്യരെയും സൃഷ്ടിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ വിശാല ലക്ഷ്യമെന്ന് ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പദ്ധതിയാണ് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് ഈ സ്കൂൾവർഷം നടപ്പിലാക്കുന്നത്. അധ്യയനത്തിന്റെ ആദ്യദിവസങ്ങളിൽ കുട്ടികളിൽ സാമൂഹ്യമൂല്യങ്ങളും പൗരബോധവും ഉണ്ടാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾക്കായി ഇവർ മനസ്സിനെ മാറ്റിവെക്കുകയാണ്.

കുട്ടികളിൽ ലഹരി ഉപയോഗവും, ഡിജിറ്റൽ ആസക്തിയും കൂടിവരുന്ന ആശങ്കയ്ക്കിടയിലാണ് ബോധവൽക്കരണ പരിപാടികൾ ക്ലാസ്മുറികളിൽ തുടങ്ങുന്നത്. 3-മുതൽ 13 വരെ, എട്ട് പ്രവൃത്തിദിവസങ്ങളിലാണ് ഒരു മണിക്കൂർ ഇതിനായി നീക്കിവെക്കുക. ഒന്നു മുതൽ 10 വരെ ക്ലാസുകളിലാണ് ഇത് നടപ്പാക്കുന്നത്. വിവിധ പഠനപ്രവർത്തനങ്ങളിലൂടെയാണ് ഇവ നടപ്പിലാക്കുന്നത്.

* ലഹരിക്കെതിരെയുള്ള പ്രതിരോധം, ട്രാഫിക് നിയമങ്ങൾ, ശുചിത്വം, മാലിന്യസംസ്കരണം, ആരോഗ്യശീലങ്ങൾ, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പരസഹകരണം, തുടങ്ങിയ മേഖലകളിലാണ് കുട്ടികൾക്ക് ബോധവൽക്കരണം നൽകുന്നത്.

* ഗ്രൂപ്പ് പ്രവർത്തനങ്ങൾ, തിയേറ്റർ, ഡിബേറ്റ്, റോൾപ്ലേ, സെമിനാർ തുടങ്ങി ആകർഷകമായ രീതിയിലാണ്

# ഉപസംഹാരം.

2025-26 അക്കാദമിക വർഷത്തിൽ സമഗ്രഗുണമേന്മാ വർഷം ആയി ആചരിക്കുന്നു. ഗവ. എൽ. പി. സ്കൂൾ കുറുമ്പനാടത്ത് ഈ സമഗ്രഗുണമേന്മാ വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ജനാധിപത്യമൂല്യങ്ങൾക്കും, തുല്യതയ്ക്കും മുൻതൂക്കം നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും പരിമിതികളും സവിശേഷതകളും തിരിച്ചറിഞ്ഞ് ഓരോ കുട്ടിയുടെയും സമഗ്രവികസനം എന്ന ലക്ഷ്യം നേടാൻ ഈ വിദ്യാലയത്തിന് കഴിയട്ടെ. വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറട്ടെ.

നന്ദി.